# അക്കാഡമിക് മാസ്റ്റർ പ്ലാൻ

**(2024-25)**

## ഗവ: എൽ.പി.ബി.സ്കൂൾ
## കിടങ്ങൂർ






## ഏറ്റുമാനൂർ സബ് ജില്ല

## കോട്ടയം ജില്ല

## ആമുഖം

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്ത് 14-ാം വാർഡിന്റെ ഹൃദയ ഭാഗമായ കോട്ടപ്പുറം കവലയിൽ സ്ഥിതിചെയ്യുന്ന വിദ്യാലയം. സമീപപ്രദേശങ്ങളായ കുമ്മണ്ണൂർ കിടങ്ങൂർ തുടങ്ങിയ സ്ഥലങ്ങലിൽനിന്നും ഇവിടെ വിദ്യാർത്ഥികളെത്തുന്നു.

17-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തിരുവിതാംകൂർ രാജഭരണത്തിൽ പൂഞ്ഞാർ രാജവംശം 1873 ൽ സ്ഥാപിച്ചതാണിത്. ആദ്യകാലം 9-ാം ക്ലാസുവരെയും പിന്നീട് 7-ാം ക്ലാസ് വരെയും പിൽക്കാലം എൽ.പി. സ്കൂൾ ആയി തുടരുകയും ചെയ്യുന്നു.

പിന്നിട്ട വഴികളിൽ വളരെയധികം വിദ്യാർത്ഥികൾ ഇവിടെനിന്നും പഠിച്ചിറങ്ങി പ്രശസ്തരും പ്രഗത്ഭരുമായി തീർന്നിട്ടുണ്ട്. മുൻ മുഖ്യമന്ത്രി പി.കെ. വാസുദേവൻ നായർ, മേക്കാട്ട് രാമകൃഷ്ണപിള്ള, എസ്.വി. രാഘവ അയ്യർ, കെ.പി. ജോൺ, ഡോ. റ്റി.കെ. ജയകുമാർ എന്നിവർ എടുത്തുപറയത്തക്ക വ്യക്തികളാണ്. രാജഭരണത്തിന്റെ അടയാളമായ ശംഖും ജനാധിപത്യത്തിന്റെ അടയാളമായ സിംഹമുദ്രയും ഒന്നിച്ചുള്ളത് ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.

പൊതുവിദ്യാഭ്യാസം സംരക്ഷിക്കേണ്ടതിന്റെ ഭാഗമായി ഇവിടെയെത്തുന്ന ഓരോ വിദ്യാർത്ഥിയുടെയും സമഗ്രമായ വികസനം മുൻനിർത്തി ഒട്ടനവധി നന്മയാർന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതൊരു മാതൃകാസ്ഥാപനമായി പൊതുസമൂഹവും അധ്യാപകരും മറ്റ് അഭ്യുദയകാംഷികളും കാത്തുപോരുന്നു. ഇനിയും ധാരാളം മികവാർന്ന പ്രവർത്തനങ്ങൾ പാഠ്യപാഠ്യേതര വിഷയങ്ങളിൽ ഉൾപ്പെടുത്തി നടത്തി ഈ വിദ്യാലയത്തിന്റെ യശസുയർത്താൻ തീരുമാനിക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്.

അനേകം വിദ്ധ്യാർത്ഥികൾ മുൻവർഷങ്ങളിൽ പഠിച്ചിറങ്ങികൊണ്ടിരുന്ന ഈ സ്ഥാപനത്തിൽ സമീപപ്രദേശങ്ങളിൽ വിവിധ അൺ എയ്ഡഡ് വിദ്യാലയങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ട് വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടാകാൻ കാരണമാവാറുണ്ട്. രക്ഷിതാക്കളെ പ്രീതിപ്പെടുത്തി മോഹനവാഗ്ദാനങ്ങൾ നൽകി സാമ്പത്തികമായും സാമൂഹികമായും മുന്നോക്കം നിൽക്കുന്ന കുട്ടികളെ ഇവർ സ്വാധീനിക്കുന്നു. അതിനാൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളാണ് ഏറിയ പങ്കും ഇവിടെ വരുന്നത്. സമഗ്രവിദ്യാഭ്യാസ ഭാഗമായി വിവിധ മികച്ച വിദ്യാലയ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തി പൂർത്തിയാക്കാൻ കഴിയാതെ വരാറുണ്ട്. ഇവയ്ക്കെല്ലാം പരിഹാരം കണ്ടെത്തി ഈ വിദ്യാലയത്തിൽ വന്നുചേരുന്ന മുഴുവൻ കുട്ടികളും നേടേണ്ടതെല്ലാം നേടി എന്നുറപ്പുവരുത്തുന്ന രീതിയിൽ അക്കാഡമിക് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ തക്ക രീതിയിൽ തയ്യാറാക്കിയ അക്കാഡമിക് പ്ലാനിന് കഴിയും എന്നുറപ്പുവരുത്തുന്നു.

## പരിമിതികൾ

**ഭൗതികം**

കുട്ടികൾക്ക് ആവശ്യമായ കളിസ്ഥലം കളിയുപകരണങ്ങൾ എന്നിവ ലഭിക്കേണ്ടതുണ്ട്.

**അക്കാദമികം**

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന രക്ഷി താക്കളുടെ കുട്ടികളാണ് ഏറിയഭാഗവും വിദ്യാലയത്തിൽ ഉള്ളത്. ആയതി നാൽ വിദ്യാലയത്തില് പൊതുവായും, ക്ലാസ് മുറികളിലും ഏറ്റെടുക്കുന്ന പല മികച്ച പ്രവർത്തനങ്ങളും പൂർണ്ണമായും ഫലപ്രാപ്തിയിലെത്തിക്കാൻ സാധി ക്കാതെവരുന്നുണ്ട്.

**സാമൂഹികം**

അക്കാദമിക് പിന്തുണ ശരിയായ തരത്തിൽ ലഭ്യമാകായ്ക. ക്ലാസ് പി.റ്റി.എ. കളിൽ പൂർണ്ണ പങ്കാളിത്തം ഇല്ലായ്മ.

**മറ്റു നേട്ടങ്ങൾ**

1. LSS പരീക്ഷയിൽ വിജയം
2. MTSE പരീക്ഷയിൽ സംസ്ഥാനത്ത് 4-ാം റാങ്ക്
3. സബ് ജില്ലാ കലാമേളയിൽ ഓവറോൾ ചാമ്പ്യൻഷിപ്പ്
4. 2015-16 സബ് ജില്ലയിലെ മികച്ച ശുചിത്വ വിദ്യാലയ പുരസ്കാരം
5. സബ് ജില്ലയിൽ കുട്ടികളുടെ എണ്ണത്തിൽ രണ്ടാം സ്ഥാനത്തുള്ള സർക്കാർ വിദ്യാലയം
6. പഞ്ചായത്തിലെ കുട്ടികളുടെ എണ്ണത്തിൽ ഒന്നാം സ്ഥാനത്തുള്ള സർക്കാർ വിദ്യാലയം
7. ആധുനികമായി സജ്ജീകരിക്കപ്പെട്ട കമ്പ്യൂട്ടർ ലാബ്.

## പൊതു ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ വിദ്യാർത്ഥികളും അവർ നേടേണ്ട എല്ലാ പഠന നേട്ടങ്ങളും കൈവരിച്ചെന്ന് ഉറപ്പുവരുത്തി ഈ വിദ്യാലയത്തിൽ നിന്നും ഉന്നത പഠനത്തിനയയ്ക്കുന്നു.
2. കുട്ടികളുടെ കലാ,കായിക സർഗ്ഗാത്മകമായ കഴിവുകളെ പ്രോത്സാഹിപ്പിക്കുക.
3. കുട്ടികൾ നേടേണ്ട പഠന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് രക്ഷിതാക്കളെ അറിയിച്ച് അതിനനുസരിച്ചുള്ള പിന്തുണ നേടുക.
4. കുട്ടികളിൽ മൂല്യബോധം വളർത്തലും ഉത്തമ പൗരനായി വളരാനുള്ള സാഹചര്യം സൃഷ്ടിക്കുക.
5. ആരോഗ്യപരിപാലനം, ശുചിത്വം ഇവ ഉറപ്പുവരുത്തുക.
6. മലയാളം, ഇംഗ്ലീഷ് എന്നിവയിലുള്ള ആശയവിനിമയം ഉറപ്പുവരുത്തുക.
7. ഗണിത ശേഷികൾ എല്ലാം നേടി എന്ന് ഉറപ്പുവരുത്തുക.
8. പ്രവൃത്തിപരിചയ മേളകളിൽ ഉയർന്ന നിലവാരത്തിലെത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ നടത്തുക.
9. പിന്നാക്കക്കാരെയും പാർശ്വവൽക്കരിക്കപ്പെട്ടവരേയും പരിഗണിക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ.

## അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | കാറ്റഗറി | അനുവദിക്കപ്പെട്ട തസ്തിക എണ്ണം | നിലവിലുള്ളത് |
|---|---|---|---|
| 1 | H.M. | 1 | 1 |
| 2 | LPST- Teacher | 5 | 5 |
| 3 | Pre-Primary Teacher | 1 | 1 |
| 4 | Ayah | 1 | 1 |
| 5 | PTCM | 1 | |
| 6 | Cook | 1 | 1 |
| | Grand Total | 9 | 9 |

ഒരു PTM സ്കൂളിൽ ജോലിചെയ്തുവരുന്നു.

## 2024–25 അക്കാദമിക വർഷത്തിൽ വിവിധ ക്ലാസിലെ വിദ്യാർത്ഥികളുടെ എണ്ണം

| ക്ലാസ്സ് | I | | II | | III | | IV | | Total |
|---|---|---|---|---|---|---|---|---|---|
| | B | G | B | G | B | G | B | G | |
| | 14 | 22 | 10 | 12 | 14 | 17 | 11 | 18 | 160 |
| Total | | | | | | | | | |

## സർക്കാർ പ്രീ–പ്രൈമറിയിലെ വിദ്യാർത്ഥികളുടെ എണ്ണം

| | B | G | |
|---|---|---|---|
| | 19 | 23 | |
| Total | 42 | | |

**പൊതുലക്ഷ്യം**

വായന ലേഖനം, സംഖ്യാബോധം, സങ്കലനം, വ്യവകലനം, ഗുണനം, ഹരണം എന്നിവയിൽ മികവുള്ളവരാക്കുകയും അടിസ്ഥാന പഠനശേഷികൾ നേടാതെ വിദ്യാലയം വിട്ട് ഉപരിപഠനത്തിന് എത്താനിടയാകരുത്.

| പ്രവർത്തന ലക്ഷ്യം | പേര് | പ്രവർത്തന രീതി | കാലയളവ്/ ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനശേഷികൾ കൈവരിച്ചോ എന്നുറപ്പു വരുത്തുക | ചോദ്യാവലി നിർമ്മാണം | പാഠ്യപദ്ധതിയും, പാഠപുസ്തകവും സമഗ്രമായി പഠിച്ച് അതത് ക്ലാസിൽ പ്രവേശനം നേടുന്ന കുട്ടികളുടെ അടിസ്ഥാന ശേഷികളുടെ വിലയിരുത്തലിനാവശ്യമായ ചോദ്യാവലി നിർമ്മാണം. | മെയ് അധ്യാപകർ | Teachers |
| പഠനഉപകരണ നിർമ്മാണം | നിർമ്മാണം | ഗണിതശേഷി ഭാഷാശേഷി നേടിയിട്ടുണ്ടോ എന്നറിയാനാവശ്യമായ പഠനസാമഗ്രികളുടെ നിർമ്മാണം. | മെയ് അധ്യാപകർ Ex-PTA M PTA | Teachers Grant |
| ചോദ്യാവലിയും ഉൽപന്നങ്ങളും ഉപയോഗിച്ചുള്ള പ്രീ-ടെസ്റ്റ് | നമുക്കറിയാം | Re-open ചെയ്യുന്ന സമയം അതത് ക്ലാസിൽ വച്ച് വിലയിരുത്തൽ നടത്തുന്നു. | ജൂൺ Teachers | Teachers |

| | | | | |
|---|---|---|---|---|
| പരിഹാര ബോധന പര വർത്തനങ്ങൾ നടത്തി കുട്ടി കളെ കഴിഞ്ഞ ക്ലാസിലെ നേടാത്ത ശേഷികളിൽ എത്തിക്കുക. | ഇനിയും മുന്നോട്ട് | SRG യിൽ ചർച്ച ചെയ്ത് ആവശ്യ മായ പ്രവർത്തന ങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് ആദ്യ ആഴ്ച യിൽ നേരത്തെ തയ്യാറാ ക്കിയ അനുബന്ധ വസ്തുക്കളുപയോ ഗിച്ച് പരിഹാരബോ ധനം നടത്തി അത ത് സമയം വിലയി രുത്തൽ നടത്തു ന്നു. | ജൂൺ<br>ആദ്യവാരം<br>class<br>Teachers | PTA |
| ക്ലാസ് പിടിഎ വിളിച്ചു ചേർത്ത് അവരുടെ സഹാ യവും നേടി രസ കരവും താൽപ ര്യമുള്ള തര ത്തിൽ നേടാനാ വാത്ത ശേഷി കൾ സ്വായത്ത മാക്കാൻ കുഞ്ഞുങ്ങളെ സഹായിക്കുക. | ഇനിയും മുന്നോട്ട് | Pre-test ന് ശേഷം കുട്ടി കളെ വിലയിരുത്തി ഒരു രേഖ ഉണ്ടാക്കുക. അതി ൽ എന്താണ് നേടേണ്ടത് ഇനി എന്ന് രേഖപ്പെ ടുത്തി വയ്ക്കുക. സൂച നകളുടെ അടിസ്ഥാന ത്തിൽ വിലയിരുത്തേ ണം. ആ രേഖയുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിളിച്ച് ചേർത്ത് ഉചിതമായ സമീപനത്തോടെ അവരെ ബോധവാൻമാ രാക്കുക. അവരുടെ പിന്തുണ ലഭിക്കത്തക്ക തരത്തിലാക്കി തുടർന്നു വരുന്ന പരിഹാരബോ ധന പ്രവർത്തനങ്ങൾ നടത്തുക. | ജൂൺ<br>HM<br>Teachers<br>PTA | PTA |
| വായന പരിപോഷണം | വായന വണ്ടി | ♦ പുസ്തക വണ്ടി<br>♦ വായനാ കാർഡ്<br>♦ എല്ലാ ക്ലാസിലും വായനാമൂല, പത്രവായന<br>♦ അമ്മ വായന<br>♦ മധുരം മലയാളം | ജൂൺ-മാർച്ച്<br><br>Teachers<br>PTA | Teachers |
| ഇംഗ്ലീഷ് ഭാഷാ നിലവാരം പരി ശോധന | | Pre-test ജൂൺ ആദ്യ വാരം, അക്ഷര കാർ ഡുകൾ വായന എഴു ത്ത്, ചിത്രപ്രദർശനം പദ നിർമ്മാണം, അക്ഷരകാർഡുകൾ ഉപയോഗിച്ച് പദ നിർമ്മാണം | ഒരാഴ്ച<br>Class<br>Teachers | Teachers |

| | | | | |
|---|---|---|---|---|
| | | രേഖപ്പെടുത്തൽ, ICT സാധ്യത പ്രയോജനപ്പെടുത്തൽ ഭാഷാപരമായ പിന്നോക്കാവസ്ഥയുള്ളവർക്ക് പ്രത്യേകം ക്ലാസ്. | ഒരാഴ്ച class Teachers | |
| വാക്യ രൂപീകരണം | | ചിത്രങ്ങൾ, ആനിമേഷൻ വീഡിയോസ് ഉപയോഗിച്ച് വാക്യനിർമ്മാണം പദകാർഡുകൾ അനുയോജ്യമായി ചേർത്തുവെച്ച് വാക്യരൂപീകരണം. | | PTA |
| ആശയ പ്രകടനം | റേഡിയോ നിലയം | ചിത്രങ്ങൾ, ഓഡിയോ വീഡിയോ സാധ്യതകൾ ഉൾപ്പെടുത്തി ആശയങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രകടിപ്പിക്കൽ അവസരം (വാചികം, ലിഖിതം) | ഒരാഴ്ച class Teachers 3 മാസം | |
| ഭാഷാ സ്വാധീനം വളർത്തൽ | വിദ്യാലയവാണി | പാഠഭാഗങ്ങൾ സ്കിറ്റ് രൂപത്തിൽ മാറ്റിയെഴുതൽ അവതരണം. ലഘുകഥാവാക്യങ്ങൾ, ചിത്രകഥകൾ, ഇംഗ്ലീഷ് ആഴ്ചപ്പതിപ്പുകൾ വായന, വായിച്ച കഥയുടെ പുനരാഖ്യാനം വാചികം ചിത്രത്തിൽ നിന്ന് ലഘു വിവരണം. കഥ, കവിത നിർമ്മാണം. പോസ്റ്റർ രചന, മാസിക നിർമ്മാണം | | PTA |
| സർഗ്ഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുക | | റേഡിയോ നിലയം - വിദ്യാലയവാണി- സർഗവേളയിൽ ലഘു നാടകം, കോറിയോഗ്രഫി അവതരണം സ്വന്തം കഥ, കവിത അവതരണം ചുമർ മാസിക പ്രകാശനം | ഒരു വർഷം, ക്ലാസ് അദ്ധ്യാപകർ | PTA |
| ഇംഗ്ലീഷ് ക്ലബ്ബ് | ചുമർ മാസിക കൊറിയോഗ്രഫി | ക്ലബ്ബ്, ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് സിനിമ പ്രദർശനം മത്സര പരിപാടികൾ. Spoken English Class Read small articles, News papers | | PTA |

| | | | | |
|---|---|---|---|---|
| | | രേഖപ്പെടുത്തൽ ICT സാധ്യത പ്രയോജനപ്പെടുത്തൽ ഭാഷാപരമായ പിന്നോക്കാവസ്ഥയുള്ളവർക്ക് പ്രത്യേകം ക്ലാസ്. | ഒരാഴ്ച<br>class<br>Teachers | |
| സമഗ്ര കായികശേഷി വികസനം | | ചിത്രങ്ങൾ, ആനിമേഷൻ വീഡിയോസ് ഉപയോഗിച്ച് വാക്യനിർ മ്മാണം പദകാർഡുകൾ അനുയോജ്യമായി ചേർത്തുവെച്ച് വാക്യരൂപീകരണം. | | PTA |
| | റേഡിയോ നിലയം | ചിത്രങ്ങൾ, ഓഡിയോ വീഡിയോ സാധ്യതകൾ ഉൾപ്പെടുത്തി ആശയങ്ങൾ ഇംഗ്ലീഷ് ഭാഷയിൽ പ്രകടിപ്പിക്കൽ അവസരം (വാചികം, ലിഖിതം) | ഒരാഴ്ച<br>class<br>Teachers<br>3 മാസം | |
| ആരോഗ്യ സംരക്ഷണത്തിലൂടെ കായിക വികസനം നേടുന്നതിനും നമ്മുടെ പ്രധാന കായിക വിനോദങ്ങളും ഇനങ്ങളും മനസിലാക്കി കുട്ടികളെ അതിൽ താൽപര്യം ജനിപ്പിച്ച് | വിദ്യാലയവാണി | പാഠഭാഗങ്ങൾ സ്കിറ്റ് രൂപത്തിൽ മാറ്റിയെഴുതൽ അവതരണം. ലഘുകഥാവാക്യങ്ങൾ, ചിത്രകഥകൾ, ഇംഗ്ലീഷ് ആഴ്ചപ്പതിപ്പുകൾ വായന, വായിച്ച കഥയുടെ പുനരാഖ്യാനം വാചികം ചിത്രത്തിൽ നിന്ന് ലഘു വിവരണം. കഥ, കവിത നിർമ്മാണം. പോസ്റ്റർ രചന, മാസിക നിർമ്മാണം | | PTA |
| | | റേഡിയോ നിലയം - വിദ്യാലയവാണി- സർഗവേളയിൽ ലഘു നാടകം, കോറിയോഗ്രഫി അവതരണം സ്വന്തം കഥ, കവിത അവതരണം ചുമർ മാസിക പ്രകാശനം | ഒരു വർഷം, ക്ലാസ് അധ്യാപകർ | PTA |
| | ചുമർ മാസിക<br>കൊറിയോഗ്രഫി | ക്ലബ്ബ്, ആഭിമുഖ്യത്തിൽ ഇംഗ്ലീഷ് സിനിമ പ്രദർശനം മത്സര പരിപാടികൾ. | | PTA |

| | | | | |
|---|---|---|---|---|
| സമഗ്ര കായി കശേഷി വികസനം<br><br>ആരോഗ്യ സംരക്ഷണ ത്തിലൂടെ കായിക വികസനം നേടുന്ന തിനും നമ്മുടെ പ്രധാന കായിക വിനോദ ങ്ങളും ഇന ങ്ങളും മന സിലാക്കി കുട്ടികളെ അതിൽ താൽപര്യം ജനിപ്പിച്ച് കായിക മേഖലയിൽ മികവുള്ളവ രാക്കുക. | കളിക്കാം നേടാം ആരോഗ്യം | 1) എക്സിക്യൂട്ടീവ് പി.റ്റി. എ.<br>2) കായികാധ്യാപകരെ ക്ഷണിക്കുക<br><br>3) കുട്ടികളുമായി സംവദി ക്കുവാനും കളികളെകുറിച്ച് സംശയങ്ങൾ തീർക്കാനു മുള്ള അവസരമൊരുക്കൽ<br><br>4) എല്ലാ ടേമിലും പരിശീ ലനം നൽകൽ<br><br>5) വിദ്യാലയത്തിന് പുറത്ത് നടക്കുന്ന മേളകളിൽ പങ്കു ചേരൽ | വാർഡ് മെമ്പർ PTA President<br><br>അധ്യാപ കർ ഓരോ ടേമിലും | PTA അധ്യാ പകർ |

| | | | | |
|---|---|---|---|---|
| സമഗ്ര കായികശേഷി വികസനം | ക്ലേളി | സംഘാടനം മാസികപ്രകാശനം<br><br>ടൈം ടേബിൾ പ്രകാരം ഫുട്ബോൾ, വോളിബോൾ റിംഗ്, ഷട്ടിൽ ബാറ്റ്, ഖോഖോ, ചെസ്, കാരംസ് എന്നിങ്ങനെയുള്ള കളികൾ പരിശീലനം | | Teachers |
| കുട്ടികളിലെ കലാപ്രകടനങ്ങൾ പൊതുവേദിയിൽ പ്രദർശനം. എല്ലാവർക്കും കാണാനും പുനർ വായനയ്ക്കും അവസരം<br><br>ആവിഷ്കാരത്തിനുള്ള രംഗവേദികൾ | എന്റെ കുഞ്ഞി വരകൾ | ചുമരെഴുത്തിന് ആവശ്യമായ തുണി വാങ്ങി സ്കൂളിന് പുറത്തും കാണാവുന്നതരത്തിൽ സ്ഥാപിക്കുന്നു. തുണിയിൽ വരയ്ക്കാവുന്ന പേനകൾ നൽകുന്നു. തുണിയിൽ ഇഷ്ടമുള്ള നിറം പേനയെടുത്ത് ചിത്രമോ കവിതയോ കഥയോ വായനകുറിപ്പോ മറ്റു നുറുങ്ങുകൾ കടങ്കഥകൾ, പഴഞ്ചൊല്ലുകൾ എന്നിവ രേഖപ്പെടുത്തുന്നു. തെറ്റ് വരാതിരിക്കാനായി എഴുതി തയ്യാറാക്കി രേഖപ്പെടുത്തുന്നു. സമീപ ചാനലുകാരെ വിളിച്ച് വാർത്തകൾ ചെയ്യുന്നു. | തുണിയിൽ ചിത്രം മുഴുമിക്കുന്നതുവരെ ആഗസ്റ്റ് മാസം PTA, വാർഡ് മെമ്പർ | PTA |
| രചനകളുടെ പ്രകാശനം<br><br>ആവിഷ്കാരത്തിനുള്ള രംഗവേദികൾ ഒരുക്കുന്നു. | പേര് കുട്ടികളുടെ നിർദ്ദേശങ്ങളിൽനിന്നും ശേഖരിക്കും | ഒരു കുട്ടിക്കുപോലും അവസരം നഷ്ടപ്പെടാത്ത തരത്തിൽ എല്ലാവർക്കും അവസരം ലഭിക്കത്തക്ക തരത്തിൽ മാസിക നിർമ്മാണം. സംയുക്ത സർഗ്ഗാത്മക ഡയറികളുടെ പ്രകാശനം<br>എഡിറ്റോറിയൽ ബോർഡിൽ കുട്ടികൾ മാത്രം.<br>വിവിധ രചനകൾ ഉൾപ്പെടുത്തി മാസിക തയ്യാറാക്കി DTP ചെയ്യുന്നു. | LSG President<br>വാർഡ് മെമ്പർ<br>SRG കൺവീനർ<br><br>എഡിറ്റോറിയൽ ബോർഡ്<br>PTA, MPTA | രണ്ട് മാസം<br><br>PTA, MPTA |

| | | | | |
|---|---|---|---|---|
| പ്രവർത്തനങ്ങൾ സമൂഹത്തെ അറിയിക്കുന്നതിനും മറ്റിതര വിദ്യാലയങ്ങളിലെ പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കുന്നതിനും വേണ്ടി | ബ്ലോഗ് രൂപീകരണം | വിദഗ്ധരെ കൂട്ടി വെബ് സൈറ്റ് രൂപീകരണം ലോഗോ പ്രദർശനം ചിത്രം വരയ്ക്കാനും മറ്റും കഴിവുള്ള പൂർവ്വ വിദ്യാർത്ഥികൾ രക്ഷിതാക്കൾ എന്നിവരെ ഉൾപ്പെടുത്തി ലോഗോ നിർമ്മാണം. | ഒരാഴ്ച HM SRG കൺവീനർ | Teachers PTA |
| ഓരോ യൂണിറ്റിലും നേടേണ്ട ശേഷി നേടിയോ എന്ന് ഉറപ്പു വരുത്തുക | Unit tests<br>വിലയിരുത്തൽ രേഖകളും ചോദ്യപേപ്പറുകളും ക്ലാസ് PTAകളിൽ പ്രദർശിപ്പിക്കുക | ഓരോ വിഷയത്തിനും പാഠ്യപദ്ധതി ഉദ്ദേശ്യമിടുന്ന പഠനനേട്ടങ്ങളുടെ ഉയർന്ന ശേഷികൾ പരിശോധിക്കുന്ന ചോദ്യങ്ങൾ ഓരോ യൂണിറ്റിലും തയ്യാറാക്കി ആവശ്യമായ കോപ്പികളെടുത്ത് വിലയിരുത്തൽ നടത്തി ഓരോ കുട്ടിയേയും വിലയിരുത്തി രേഖപ്പെടുത്തുക. | ക്ലാസ് അദ്ധ്യാപകർ<br>ഓരോ മാസവും | PTA Teacher |
| സ്വതന്ത്ര വായനക്കാരെ വാർത്തെടുക്കുക | വായന ശിൽപശാല | സ്കൂളിലെ മൈക്ക് സെറ്റ് ഉപയോഗിച്ച് വായന നടത്തുന്നു.<br>നിത്യേന പത്രക്വിസ് നടത്തുന്നു | രണ്ടു മാസത്തിലൊരിക്കൽ<br>അധ്യാപകർ | Teacher |

| | | | | |
|---|---|---|---|---|
| കായികശേഷീ വികസനം<br><br>പാഠഭാഗങ്ങൾ ഗണിതം, ഭാഷ പരിസരപഠനം എന്നിവയുടെ ഓഡിയോ, വീഡിയോ ആനിമേഷൻ സ്റ്റിമുലേഷൻ അവതരണത്തിലൂടെ രസകരവും ആക്കുക. | വിവിധ കളികൾ<br><br>ഇഫക്ടീവ് പ്രസന്റേഷൻ | ടൈംടേബിൾ പ്രകാരം കളിയുപകരണങ്ങളുപയോഗിച്ച് കളിപരിശീലനം | ക്ലാസ് അധ്യാപകർ PTA | PTA |
| ഗൃഹ സന്ദർശനം നടത്തി വിദ്യാലയ പ്രവർത്തനങ്ങളുടെ കൂട്ടായ്മ ഉറപ്പുവരുത്തുകയും കുട്ടിക്കുവേണ്ട ശ്രദ്ധയും പരിഗണനയും സ്വന്തം ഗൃഹത്തിൽ ഉണ്ടാക്കിയെടുക്കുകയും ചെയ്യുക. രക്ഷിതാക്കളെ വിദ്യാലയവുമായി കൂടുതൽ അടുപ്പിക്കുക. | കൂട്ടായ ഗൃഹസന്ദർശനം | രക്ഷിതാക്കളുടെ പ്രതിനിധി, HM, ക്ലാസ് അധ്യാപകർ എന്നിവരുൾപ്പെടെ ഒരു ടീം ഓരോ പ്രദേശത്തും വേണമെന്ന് SRG കൂടി തീരുമാനിച്ച് മുൻ നിശ്ചയ പ്രകാരം സന്ദർശനം നടത്തി കുട്ടികളുടെ കുടുംബ പശ്ചാത്തലം മനസ്സിലാക്കുന്നു. | HM PTA പ്രസിഡന്റ് MPTA കൺവീനർ ക്ലാസ് അധ്യാപകർ<br><br>എല്ലാ മാസവും | Teachers |

| | | | | |
|---|---|---|---|---|
| CPTA നടത്തി തങ്ങളുടെ കുട്ടികളുടെ മികവുകൾ തിരിച്ചറിയി ക്കുക | 'കൂട്ടം' | രക്ഷിതാക്കൾക്ക് നോട്ടീസ് നൽകി ക്ഷണിക്കുന്നു. Pre-test, Unit test പേപ്പറുകൾ രക്ഷിതാക്കൾക്ക് നൽകി കുട്ടികളുടെ മികവുകൾ ഉയർത്തികാട്ടി ഇനിയും കൂടുതൽ മികവിലേയ്ക്കാവാൻ വഴികാട്ടുന്നു - ചർച്ച ചെയ്യുന്നു. | ക്ലാസ് അധ്യാപകർ എല്ലാ മാസവും | PTA |
| രക്ഷിതാക്കൾക്ക് ബോധവത്കരണം നടത്തുക.മികച്ച ആരോഗ്യമുള്ള കുഞ്ഞുങ്ങളാക്കുക | ബോധവൽക്കരണ ക്ലാസ് | ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ കുട്ടികൾ പല രീതിയിലും ചൂഷണത്തിനു വിധേയരാവുന്നു. അതൊഴിവാക്കാൻ എന്തൊക്കെചെയ്യണം<br>നല്ല ആരോഗ്യശീലങ്ങൾ, പോഷകാഹാരം, നല്ല ഭക്ഷണം തുടങ്ങിയവയെ കുറിച്ചുള്ള ബോധവൽക്കരണം. | HM PTA CPTA<br>വർഷത്തിൽ 2 തവണ | PTA |
| പാഠപുസ്തകത്തിന് പുറത്ത്- പഠന നേട്ടം കൈവരിക്കാൻ... | ഫീൽഡ് ട്രിപ്പ് | PTA യിലെ മുൻ തീരുമാന പ്രകാരം പോകേണ്ട ഇടങ്ങൾ തീരുമാനിച്ച് സഹാധ്യാപകരുടെ സഹായത്തോടെ കുട്ടികളുമായിപ്പോയി | HM അതാതു വിഷയാധ്യാപകർ | |

| | | | | |
|---|---|---|---|---|
| | | പഠന നേട്ടം ഉറപ്പുവരുത്തുന്നു.<br>കൃഷിയിടം, ആശുപത്രി, പോസ്റ്റോഫീസ്, ബാങ്കുകൾ, വയലുകൾ.... ഇങ്ങനെ അനുയോജ്യമായ ഇടങ്ങൾ സന്ദർശിക്കുന്നു. | | |
| കുട്ടികളുടെ കലാപ്രകടനങ്ങൾ പൊതുവേദിയിൽ പ്രദർശിപ്പിക്കുന്നു.<br>എല്ലാവർക്കും കാണാനും പുനർ വായനയ്ക്കും അവസരം<br><br>ആവിഷ്കാരങ്ങൾക്കുള്ള രംഗവേദികൾ... | എന്റെ കുഞ്ഞെഴുത്തുകളും കുഞ്ഞുവരകളും | ചുവരെഴുത്തിന് ആവശ്യമായ തുണി വാങ്ങി സ്കൂളിൽ എല്ലാവർക്കും കാണാവുന്നിടത്തും എഴുതാവുന്നിടത്തും വരയ്ക്കാവുന്നിടത്തുമായ സ്ഥലത്ത് സ്ഥാപിക്കുന്നു.<br>ആവശ്യമായ സേവനങ്ങൾ ഉപയോഗിച്ച് തുണിയിൽ ഇഷ്ടമുള്ള ചിത്രങ്ങൾ, കഥ, കവിത, മറ്റു നുറുങ്ങുകൾ ഇവ എഴുതുന്നു. | തുണി തീരും വരെ | PTA |
| ആവിഷ്കാരത്തിന് രംഗവേദി ഒരുക്കൽ... | ഞങ്ങളുടെ സ്കൂൾ മാസിക | ഒരു കുട്ടി പോലും അവസരമില്ലാതെ വരരുത് എന്ന ലക്ഷ്യത്തോടെ എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി അവരവരുടെ സർഗ്ഗാത്മക ശേഷികളെ പരിപോഷിപ്പിക്കുന്ന വിവിധ വ്യവഹാരരൂപങ്ങൾ ചേർന്നുള്ള മാസിക.<br>കഥ, കവിത, ചിത്രരചന ആസ്വാദനക്കുറിപ്പ്, വർണന Etc.. | എഡിറ്റോറിയൽ ബോർഡ് PTA | |

| | | | | |
|---|---|---|---|---|
| ഭിന്നശേഷിക്കാരുടെ വികസനം ഭിന്നശേഷിക്കാരുടെ ശാരീരിക പരിമിതികൾ മറികടന്ന് അവരുടെ കഴിവുകളെ പ്രോത്സാഹിപ്പിച്ച് ആസ്വാദ്യകരവും താൽപര്യജനകവും ജീവിതനൈപുണികൾക്കുതകുന്ന തരത്തിൽ പഠനം നടത്തി മികച്ച നിലവാരത്തിലെത്തിക്കുക. | നമുക്ക് മുന്നേറാം | 1, കുട്ടികളെ കണ്ടെത്തൽ<br>2. രക്ഷിതാക്കൾക്ക് ബോധവത്കരണം<br>3.TLM നിർമ്മാണം<br>4. പരിശീലനം<br>5. പ്രകടനം<br>6. വിലയിരുത്തൽ<br>7. സർഗ്ഗാത്മക കഴിവുകൾ പ്രകടിപ്പിക്കുന്നതിനുള്ള അവസരമൊരുക്കൽ | എല്ലാ ടേമിലും<br>class അദ്ധ്യാപകർ<br>SSA IEDC TRIANERS<br>PTA | PTA<br>Teachers |
| സമൂഹത്തിൽ പാർശ്വവത്ക്കരിക്കപ്പെടുന്നവരുണ്ടെന്നും അവരെ മനസിലാക്കുന്നതിനും സഹായിക്കുന്നതിനുമുള്ള മനോഭാവം ഉണ്ടാക്കിയെടുക്കുക. | പുറം ലോകത്തേക്ക് | 1) Class PTA, SRG SSG<br>2) ഷീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക<br>3) അനാഥമന്ദിരങ്ങൾ സ്പെഷ്യൽ സ്കൂൾ, സ്ഥാപനങ്ങൾ ആളുകളെ സന്ദർശിക്കുക.<br>4) വയസായ രോഗികളെ സന്ദർശിക്കുക<br>5) ഏതെങ്കിലും ഭിന്നശേഷിക്കാരായ പ്രഗത്ഭരെ വിളിച്ച് അനുഭവം പങ്കിടൽ | ഓരോ വർഷവും<br>HM<br>SRG കൺവീനർ<br>PTA പ്രസിഡന്റ്<br>പഞ്ചായത്ത് മെമ്പർ<br>MPTA പ്രസിഡന്റ് | PTA |
| മത്സരപരീക്ഷകൾക്ക് പ്രാമുഖ്യം നൽകുന്നു | ജയിച്ചുമുന്നേറാം | NAS, LSS, MTSE തുടങ്ങിയ പരീക്ഷകൾക്ക് പരിശീലനം | Teachers | HM<br>Teachers |

## ടാലന്റ് ലാബ്

ഓരോ വിദ്യാലയവും ഒരു ടാലന്റ് ലാബ് ആണ് എന്ന ആശയത്തിൽ ഊന്നി നിന്നുകൊണ്ട് വേണം വിദ്യാലയ പ്രവർത്തനങ്ങളെ ആസൂത്രണം ചെയ്യേണ്ടത്. ഓരോ വിദ്യാർത്ഥിയിലും വികാസം കാത്തുകഴിയുന്ന ചില സവിശേഷ കഴിവുകൾ ഉണ്ടായിരിക്കും. ആ പ്രതിഭയെ കണ്ടെത്തി വളർത്തിയാൽ അതു വിദ്യാർത്ഥിക്കു മാത്രമല്ല സമൂഹത്തിനു ഒന്നാകെയും മഹത്തായ സാധ്യതകളാണു തുറന്നു നൽകുന്നത്. ഓരോ വിദ്യാർത്ഥിക്കും എന്തെങ്കിലും ചിലതിൽ സ്വയം അഭിമാനിക്കാൻ കഴിയുമ്പോൾ അവനിൽ ഉണ്ടാകാൻ സാധ്യതയുള്ള ഛിദ്രവാസനകളെ ഉന്മൂലനം ചെയ്യാനും കഴിയും.

## ലക്ഷ്യങ്ങൾ

1. ഓരോ കുട്ടിയിലും ഒളിഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തി പോഷിപ്പിക്കുക.
2. കലാ കായിക മേഖലകളിലും ശാസ്ത്രഗണിതശാസ്ത്ര പ്രവൃത്തിപരിചയ മേഖലകളിലും പ്രതിഭാശാലികളായ കുട്ടികളെ വളർത്തിയെടുക്കുക.
3. പ്രതിഭകൾക്ക് അർഹിക്കുന്ന അംഗീകാരവും പ്രശസ്തിയും പ്രാപ്തമാക്കുക.
4. ക്ലാസ് മുറിയുടെ പരിമിതികൾക്ക് അപ്പുറത്തേക്ക് വിദ്യാലയപ്രവർത്തനങ്ങളെ ആസ്വദിക്കുന്ന നിലയിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുക.
5. നേതൃത്വപാടവം വികസിപ്പിക്കുക.
6. പൊതുവിദ്യാലയത്തിലെ മികവുകൾ സമൂഹത്തിലേക്ക് എത്തിക്കുക
7. വിദ്യാലയത്തിന്റെയും വിദ്യാർത്ഥികളുടെയും മികവുകൾ രക്ഷിതാക്കൾക്കും പൊതു സമൂഹത്തിനും ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ വിദ്യാലയം ഒരു തുറന്ന വേദിയായി മാറുക.
8. കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുക.

# പ്രവർത്തന പദ്ധതി

♦ അവധിക്കാലത്ത് നടത്തുന്ന PTA യോഗത്തിൽ വാർഷികപദ്ധതി ആസൂത്രണം ചെയ്യുന്നു. മുത്തുകൾ തേടി എന്ന തനതു പ്രവർത്തനം തീരുമാനിക്കുന്നു.

♦ ജൂൺ മാസത്തിൽ PTA യോഗത്തിൽ ഓരോ മേഖലയിലും ക്ലാസ് അടിസ്ഥാനത്തിൽ അവതരിപ്പിക്കേണ്ട പരിപാടിയിലൂടെ അവതരണ കലണ്ടർ തയ്യാറാക്കുന്നു.

♦ നിശ്ചയിക്കപ്പെട്ട കാലയളവിലും ക്രമത്തിലും നടത്തുന്ന പ്രവർത്തനങ്ങളിലൂടെ ഓരോ കുട്ടിയുടേയും കഴിവുകൾ കണ്ടെത്തുന്നു.

♦ ഓരോ മേഖലയിലും മികവു പ്രകടിപ്പിക്കുന്ന വദ്യാർത്ഥികളെ ക്ലാസടിസ്ഥാനത്തിൽ തെരഞ്ഞെടുക്കുന്നു.

♦ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായ് ശില്പശാലകൾ സംഘടിപ്പിക്കുന്നു.

♦ ചിത്രരചന, സംഗീതം, ജലച്ചായം, നിർമ്മാണം, നൃത്തം, പ്രസംഗം, കായികം എന്നിവയിൽ നിശ്ചയിക്കപ്പെട്ട ക്രമത്തിൽ അധ്യാപകരുടെയും വിദഗ്ധരുടെയും (ലഭ്യതയനുസരിച്ച്) പരിശീലനം വിദ്യാർത്ഥികൾക്കു നൽകുന്നു.

♦ അസംബ്ലി, സർഗവേള, ദിനാചരണങ്ങൾ, സ്കൂൾ പത്രം, സ്കൂൾ റേഡിയോ തുടങ്ങിയ വേദികളിൽ അവതരണത്തിനും അവസരം നൽകുന്നു.

♦ ഓരോ മാസത്തിലും നിശ്ചയിക്കപ്പെട്ട ക്രമത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും സമ്മാനങ്ങളും കൂടുതൽ മികവിനുള്ള നിർദ്ദേശങ്ങളും നൽകുകയും ചെയ്യുക.

♦ ഓരോ ടേമിലും വിദ്യാർത്ഥികളുടെ മികച്ച പ്രകടനങ്ങൾ കാണാൻ രക്ഷിതാക്കൾക്ക് അവസരമൊരുക്കുന്നു.

♦ സബ്ജില്ല, ജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കാൻ പ്രതിഭകൾക്ക് അവസരവും കൂടുതൽ വിദഗ്ധ പരിശീലനവും വിജയികൾക്ക് അംഗീകാരം, സമ്മാനം വാർഷിക ദിനാഘോഷത്തിൽ എല്ലാ കുട്ടികളുടെയും മികവുകളുടെ അവതരണം. മികവുകളുടെ വീഡിയോ ചിത്രീകരണം.